## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *258 — 18.07.2016-ൽ മറുപടിയ്ക്ക്

### റോഡുകൾക്ക് മിനിമം ഗ്യാരന്റി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അനിൽ അക്കര<br>,, അൻവർ സാദത്ത്<br>,, കെ.സി.ജോസഫ്<br>,, കെ.എസ്.ശബരീനാഥൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റോഡുകൾക്ക് മിനിമം ഗ്യാരന്റി ഉറപ്പാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്തെ റോഡുകളുടെ മിനിമം ഗ്യാരന്റി ഉറപ്പാക്കുന്നതിനുള്ള നിബന്ധന പൊതുമരാമത്ത് മാന്വൽ പ്രകാരം നിലവിലുണ്ട്. റോഡുകളുടെ പ്രവൃത്തി ഏറ്റെടുത്ത് നടത്തിയശേഷം നിശ്ചിത കാലാവധിക്ക് ഗ്യാരന്റി ഉറപ്പാക്കുന്നതിനുള്ള ഉത്തരവ് നടപ്പാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതുപ്രകാരം പണി ഏറ്റെടുക്കുന്ന കരാറുകാർ തന്നെ പ്രവൃത്തിയുടെ ഗ്യാരന്റി പിരീഡിൽ ഉണ്ടാകുന്ന കേടുപാടുകൾ അവരവരുടെ ചെലവിൽ തന്നെ ചെയ്യേണ്ടതാണ്. ഇതു കൂടാതെ 5 വർഷം മെയിന്റനൻസ് ഗ്യാരന്റിയോടുകൂടി ഉപരിതലം പുതുക്കുന്നതിന് ഹെവി മെയിന്റനൻസ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.<br>ദേശീയപാതകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും മോർത്ത് സ്പെസിഫിക്കേഷനും, ഐ.ആർ.സി.ഗൈഡ്‌ലൈൻസും പാലിക്കുന്നുണ്ട്. അതനുസരിച്ചുള്ള ഡിസൈനും നിർമ്മാണരീതിയുമാണ് നിലവിലുള്ളത്. നിർമ്മാണപ്രവർത്തനങ്ങളെല്ലാം പേവർ ഫിനിഷർ, ബിറ്റുമിനസ് സ്പ്രേയർ, വൈബ്രേറ്ററി റോളർ തുടങ്ങിയ ആധുനിക യന്ത്ര സംവിധാനങ്ങൾ ഉപയോഗിച്ചാണ് നിർവ്വഹിക്കുന്നത്. കൂടാതെ, നിർമ്മാണ ഘട്ടത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എല്ലാ സംവിധാനങ്ങളോടും കൂടിയ ഗുണനിലവാര പരിശോധന ലബോറട്ടറി സംവിധാനങ്ങൾ കരാർ പ്രകാരം സൈറ്റിൽ കോൺട്രാക്ടർ സ്ഥാപിച്ച് |

| | | | |
|---|---|---|---|
| | | | ദേശീയപാതയുടെ കീഴിലുള്ള ഗുണനിലവാര പരിശോധനാ വിംഗിന്റെ മേൽനോട്ടത്തിൽ ടെസ്റ്റുകൾ നടത്തി നിർമ്മാണ നിലവാരം ഉറപ്പുവരുത്തുന്നു. |
| (ബി) | പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിച്ച ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (ബി) | റോഡിന്റെ ഉപരിതലത്തിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന കേടുപാടുകൾ നീക്കി സുഖകരമായ യാത്ര ലഭ്യമാക്കുവാൻ റോഡിന്റെ സ്ഥിതി മെച്ചപ്പെടുത്തുകയാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്. നിർമ്മാണ പൂർത്തീകരണത്തിനുശേഷം റോഡുകളുടെ പെട്ടെന്നുള്ള തകർച്ച ഒഴിവാക്കുന്നതിനും, റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണികളുടെ ആവർത്തന ചെലവ് കുറയ്ക്കുന്നതിനും ഇതുമൂലം സാധിക്കുന്നു. |
| (സി) | ഇതിനായി ഭരണതലത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ? | (സി) | ഡിഫക്റ്റ് ലയബിലിറ്റി കാലാവധി നിശ്ചയിച്ചുകൊണ്ട് 31.08.2013-ൽ ജി.ഒ.(എം.എസ്) നം.73/2013/പൊ.മ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കരാറുകാർ പണികൾ ഏറ്റെടുക്കുമ്പോൾ തന്നെ ടി പണികൾക്കായുള്ള കരാറിൽ ഗ്യാരന്റി പിരീഡ് നിശ്ചയിച്ച് നൽകുന്നതുകൊണ്ട് പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പാക്കാൻ സാധിക്കും. ഇതുമൂലം പ്രസ്തുത കാലയളവിൽ ടി പണികളുടെ അറ്റകുറ്റപ്പണികൾ വേണ്ടി വന്നാൽ കരാർകാർ തന്നെ ചെയ്യേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ കരിമ്പട്ടികയിൽപെടുത്തുക, ലൈസൻസ് റദ്ദ് ചെയ്യുക തുടങ്ങിയ വ്യവസ്ഥകളും കരാറിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**